പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3803

11.11.2019 ൽ

മറുപടിയ്ക്ക്

## പോക്സോ കോടതികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് പോക്സോ കോടതികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് പോക്സോ കോടതികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പോക്സോ കേസുകൾ ഒരു വർഷം കൊണ്ട് തീർപ്പുകൽപ്പിക്കണമെന്ന നിയമം നിലനിൽക്കുമ്പോഴും കോടതികളിൽ തീർപ്പു കൽപ്പിക്കാതെ കേസ് ഫയലുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പോക്സോ കേസുകളിലെ പ്രധാനപ്പെട്ട തെളിവുകൾക്ക് FSL പരിശോധന റിപ്പോർട്ട് ആവശ്യമാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ വർദ്ധനക്കനുസരിച്ച് ഫോറൻസിക് പരിശോധനയ്ക്ക് അയക്കപ്പെടുന്ന സാമ്പിളുകളും വർദ്ധിക്കുന്നു. ആയതിനാൽ ഫോറൻസിക് പരിശോധനാ ഫലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം കേസുകളുടെ വിചാരണ നീണ്ടുപോകാൻ കാരണമാകുന്നുണ്ട്. ഈ വിഷയം സർക്കാർ ഗൗരവമായി കണ്ട് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) പോക്സോ കേസുകളുടെ എണ്ണവും തീർപ്പു കൽപ്പിച്ചതിന്റെ എണ്ണവും തമ്മിലുള്ള അനുപാതവും ശതമാനവും വെളിപ്പെടുത്തുമോ; | (സി) സംസ്ഥാനത്ത് പോക്സോ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ 30.09.2019 തീയതി വരെ വിചാരണയിലുള്ള 7,915 കേസുകളാണ് ഉണ്ടായിരുന്നത്. ഇതിൽ ഈ വർഷം മാത്രം 995 കേസുകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. ആയതിന്റെ ശതമാനം 12.57% ആണ്. ഫയലിംഗിന്റെ അടിസ്ഥാനത്തിൽ തീർപ്പു കല്പിച്ച കേസുകളുടെയും ഫയൽ ചെയ്ത പോക്സോ കേസുകളുടേയും |

| | |
|---|---|
| | അനുപാതം 4399 : 11319 ഉം ആയതിന്റെ ശതമാനം 38.86% ഉം ആണ്. |
| (ഡി) സംസ്ഥാനത്ത് കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ? | (ഡി) ഉണ്ട്. SUO MOTO WP (Crl.) No.1/2019 കേസിൽ ബഹു.സുപ്രീം കോടതിയുടെ 25.07.2019 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 57 അതിവേഗ കോടതികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ